# ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഭിന്നശേഷിക്കാർക്കായുള്ള ദുരന്ത ലഘൂകരണ പദ്ധതിയുടെ വിശദീകരണം

ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം ലോകജനസംഖ്യയുടെ 15 ശതമാനം ഏതെങ്കിലും തരത്തിലുള്ള വൈകല്യം നേരിടുന്നവരാണ്. ദേശീയ ജനസംഖ്യാ കണക്കു (2011) പ്രകാരം ഇന്ത്യയിൽ ജനസംഖ്യയുടെ 2.1 ശതമാനം വൈകല്യങ്ങൾ നേരിടുന്നവരാണ്. കേരള സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് 2015ൽ പുറത്തിറക്കിയ സെൻസെസ് പ്രകാരം 7,93,937 ഭിന്നശേഷിക്കാർ കേരളത്തിൽ ഉണ്ട്.

2016ൽ പാർലമെൻറ് പാസ്സാക്കിയ ഭിന്നശേഷിക്കാരുടെ അവകാശ നിയമം സെക്ഷൻ 8 (2) പ്രകാരം ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ പങ്ക് വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നത് വഴി വ്യക്തികളിലും സമൂഹത്തിലും ഉണ്ടാകുന്ന ദുരന്തത്തിൻറെ ആഘാതം കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഭിന്നശേഷി ഉള്ളവരുടെ സാമൂഹ്യ സമത്വവും സമാനതയും ഉറപ്പിക്കുന്നതിനുവേണ്ടി ശരിയായ പരിചരണവും, സംരക്ഷണവും, പുനരധിവാസവും ഒഴിച്ചുകൂടാനാവാത്തതാണ്.

സമൂഹത്തിൻറെ എല്ലാ തുറകളിലും ഭിന്നശേഷിക്കാർ പലവിധത്തിലുള്ള വെല്ലുവിളികൾ നേരിടുന്നുണ്ട്. ദുരന്തത്തിന്റെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് ഭിന്നശേഷിക്കാർ ആണ്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരസഹായം കൂടാതെ അപകടസ്ഥലത്ത് നിന്ന് സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറുവാൻ സാധിച്ചെന്നു വരില്ല. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കാകട്ടെ ദുരന്ത സമയത്തു ചെയ്യേണ്ട കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാനും പാലിക്കാനും ബുദ്ധിമുട്ടുണ്ടായേക്കാം. എന്നാൽ ശരിയായ പരിശീലനം ഉണ്ടെങ്കിൽ ഈ അവസ്ഥക്ക് ഒരു പരിധിവരെ മാറ്റം വരുത്താൻ സാധിക്കും.

ഈ ലക്ഷ്യം മുൻനിർത്തി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2016 ൽ തുടക്കം കുറിച്ച പദ്ധതിയാണ് "ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ ശാക്തീകരണം". ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയുള്ള ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ആണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭിന്നശേഷിക്കാരായവരെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ മുഖ്യ ധാരയിൽ കൊണ്ടുവരുന്നതിനും, അവരെ അതിൻറെ എല്ലാ ഘട്ടങ്ങളിലും ഉൾപ്പെടുത്തുന്നതിനായും ഈ പദ്ധതി ശ്രമിക്കുന്നു.

## പദ്ധതിയെപ്പറ്റി


2016 മെയ് 11 ന് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം അഡിഷണൽ ചീഫ് സെക്രട്ടറി (റവന്യൂ - ദുരന്ത നിവാരണ വകുപ്പ്) തലസ്ഥാന നഗരിയിൽ വച്ചു നിർവഹിക്കുകയും അതോടൊപ്പം ഭിന്നശേഷി മേഖലയിലും, ദുരന്ത നിവാരണ മേഖലയിലും പ്രവർത്തിക്കുന്ന വിദഗ്ദ്ധരായിട്ടുള്ളവരുടെ കൂടിയാലോചനാ യോഗവും സംഘടിപ്പിച്ചു. ഇതേതുടർന്ന്, 2016 ജൂൺ 30-ന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടെ ശില്പശാലയും സംഘടിപ്പിച്ചു. വിവിധ ഭിന്നശേഷിക്കാരോടു കൂടിയാലോചിക്കുകയും ചെയ്തതിനു ശേഷം അതോറിറ്റി പരിശീലകർക്കായുള്ള കൈപ്പുസ്തകം തയ്യാറാക്കുകയുണ്ടായി. ഈ കൈപ്പുസ്തകം 2016 ഡിസംബർ 7നു, ബഹു. റവന്യൂ - ദുരന്ത നിവാരണ വകുപ്പ് മന്ത്രി തിരുവനന്തപുരം ഐ.എം.ജി യിൽ വച്ച് പ്രകാശനം ചെയ്യുകയും പരിശീലകർക്കു വേണ്ടിയുള്ള പരിശീലനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

## പരിശീലനങ്ങൾ


കാഴ്ച പരിമിതി ഉള്ളവർ പ്രഥമ ശുശ്രൂഷയിൽ പരിശീലനം നേടുന്നു

ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കുന്നതിനു മുന്നോടി ആയി പരിശീലകർക്കുവേണ്ടിയുള്ള ആദ്യ ഘട്ട പരിശീലനം 2016 ഡിസംബർ 7 മുതൽ 9 വരെ നടത്തുകയുണ്ടായി. 14 ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെപ്രതിനിധീകരിച്ചു ഉദ്യോഗസ്ഥരും 15 സർക്കാർരിതര സ്ഥാപനങ്ങളിൽ നിന്നുമായി 42 പേര് ആണ് ഈ പരിശീലനത്തിൽ പങ്കെടുത്തത്. ഇതേതുടർന്ന് എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻറ്റർ യൂണിവേഴ്സിറ്റി സെൻറെർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്) ൻറെ സഹകരണത്തോടെ രണ്ടു പരിശീലനങ്ങൾ കൂടി നടത്തിയിരുന്നു. മൂന്നു പരിശീലനങ്ങളിലായി ഏകദേശം 210 പരിശീലകർക്കും അതോടൊപ്പം സന്നദ്ധ സംഘടനകൾക്കും കഴിഞ്ഞ വർഷങ്ങളിൽ പരിശീലനം നൽകിക്കഴിഞ്ഞു.

## പരിശീലന സഹായി


ബ്രയിൽ ലിപിയിലുള്ള പരിശീലന സഹായി

പരിശീലനത്തിന്റെ ഫലപ്രാപ്തിക്കായി ഭിന്നശേഷി സൗഹൃദപ്രദമായ പരിശീലന സഹായി വികസിപ്പിക്കുന്നത് അനിവാര്യമായിരുന്നു. അതുകൊണ്ട് പരിശീലനത്തിനായി ബ്രയിൽ ലിപിയിലുള്ള കൈപ്പുസ്തകം, ആംഗ്യ ഭാഷയിലുള്ള

വീഡിയോകൾ, ലഘുലേഖകൾ, ഡെയ്സി സോഫ്റ്റ്വെയർ ശബ്ദരേഖ എന്നിവ നിർമ്മിച്ചു. നിഷ് തിരുവനന്തപുരം, കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, ഇംപാക്ട് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആണ് പരിശീലന സഹായി ഉണ്ടാക്കിയിരിക്കുന്നത്. ഇവ പരിശീലനാർത്ഥികൾക്കു വിതരണം ചെയ്തു. ആംഗ്യ ഭാഷയിലുള്ള വീഡിയോ അവതരിപ്പിച്ചത് നിഷിൽ നിന്നുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ തന്നെയാണ്

## ജില്ലാ തല പരിശീലനം

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ സാമൂഹ്യ നീതി വകുപ്പിൻറ്റെയും സഹകരണത്തോടെ ആണ് ജില്ലാതല പരിശീലന പരിപാടി സംഘടിപ്പിച്ചത്.



ആംഗ്യ ഭാഷയിലുള്ള നിർദ്ദേശങ്ങൾ

ജില്ലാ തല പരിശീലനങ്ങൾക്കു തുടക്കം കുറിച്ചത് 2018 മാർച്ച് 19 ന് കോട്ടയത്താണ്. ഭിന്നശേഷിക്കാരുടെ പരിശീലനത്തിൽ വിദഗ്ദ്ധരായ കോട്ടയം എം.ജി യൂണിവേഴ്സറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻറ്റർ യൂണിവേഴ്സിറ്റി സെൻറ്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്) ആണ് ജില്ലാ തല പരിശീലനങ്ങൾക്കു നേതൃത്വം നൽകിയത്. നാലു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികളിൽ വിവിധങ്ങളായ വെല്ലുവിളികൾ (കാഴ്ച, ശ്രവണ-സംസാര, ശാരീരിക, മാനസിക വെല്ലുവിളികൾ) നേരിടുന്നവർക്ക് പ്രത്യേക പരിശീലനം ക്രമീകരിച്ചു.

ജില്ലാ തലത്തിലുള്ള പരിശീലനങ്ങളിൽ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ, ദുരന്തത്തെ അതിജീവിക്കാനുള്ള നൈപുണ്യം, പ്രഥമ ശുശ്രൂഷ, എന്നിവ ചർച്ച ചെയ്യുകയും ഭിന്നശേഷിക്കാരായവരെ പരിശീലിപ്പിക്കുകയും ചെയ്തു. ഏകദേശം 3000 ഭിന്നശേഷിക്കാരെ പരിശീലിപ്പിക്കാൻ അതോറിറ്റിക്ക് കഴിഞ്ഞു. പരിശീലനാർത്ഥികളായിട്ടുള്ള എല്ലാവർക്കും സർട്ടിഫിക്കറ്റും നൽകി.

2018 പ്രളയത്തിന് ശേഷം UNDP യുടെ സഹായത്തോടു കൂടെ ഭിന്നശേഷി സൗഹൃദ ഭവന നിർമാണത്തെ കുറിച്ച് ലഘുലേയും, കൈപുസ്തകവും KSDMA തയ്യാറാക്കുകയും വ്യാപകമായി വിതരണം ചെയ്യുകയും ചെയ്തു.

## കേരളം വീണ്ടും മാതൃകയാകുന്നു

ദേശീയ ദുരന്ത നിവാരണ അതോറിറ്റി 2019 പുറത്തിറക്കിയ കരട് മാർഗ്ഗരേഖയിൽ കേരളത്തിലെ ഈ പദ്ധതിയെ കുറിച്ച് പ്രതിപാദിക്കുകയും, ഇന്ത്യയിൽ തന്നെ ഒരു സംസ്ഥാന സർക്കാർ നടത്തുന്ന ആദ്യത്തെ പദ്ധതിയായി രേഖപ്പെടുത്തിയിട്ടും ഉണ്ട്. 2019 മെയ് മാസം ജനീവയിൽ വച്ച് നടന്ന അന്താരാഷ്ട്ര കോൺഫറൻസിൽ കേരളത്തിന്റെ ഭിന്നശേഷി

സംയോജിത ദുരന്ത ലഘൂകരണ പദ്ധതിയെ കുറിച്ച് അവതരിപ്പിക്കുകയും അത് ലോക ശ്രദ്ധ തന്നെ പിടിച്ചു പറ്റുകയും ചെയ്തു. ഭിന്നശേഷിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന സർക്കാർ - സർക്കാരിതര സ്ഥാപനങ്ങളിലും ഈ പരിശീലനങ്ങൾ നടത്തുവാനും ഈ പദ്ധതിയിലൂടെ സാധിക്കും.

പുറത്തിറക്കിയ കൈപുസ്തകവും വീഡിയോകളും KSDMA യുടെ വെബ്സൈറ്റിൽ (www.sdma.kerala.gov.in) പൊതുജനങ്ങൾക്ക് ലഭ്യമാണ്. വെബ്സൈറ്റും ഭിന്നശേഷി സൗഹൃദമായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്

## ഭിന്നശേഷി സൗഹൃദ ദുരന്ത മുന്നറിയിപ്പ് സംവിധാനം



ആംഗ്യ ഭാഷയിലുള്ള മുന്നറിയിപ്പ്

ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിവിധ ദുരന്ത സാധ്യതകളുടെ മുന്നറിയിപ്പ് ശബ്ദരേഖയായും, ആംഗ്യഭാഷയായും നൽകുന്നുണ്ട്. ഈ വിവരങ്ങൾ അതോറിറ്റിയുടെ വെബ്സൈറ്റിലും, ഫേസ്ബുക്ക് പേജിലും അതാത് സമയങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. ഇത് വഴി ഭിന്നശേഷിക്കാരായവർക്ക് ദുരന്ത മുന്നറിയിപ്പ് മനസിലാക്കുവാനും ശരിയായ തീരുമാനങ്ങൾ യഥാസമയം എടുക്കുവാനും സാധിക്കുന്നു, അതുവഴി ദുരന്ത സാധ്യത ലഘൂകരിക്കുന്നു. നിലവിൽ ഓറഞ്ച് അലേർട്ടും അതിനു മുകളിലും ഉള്ള മുന്നറിയിപ്പുകൾക്കാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇതിനായി ആംഗ്യഭാഷയിലുള്ള വിവർത്തനം നൽകുന്നത് സാമൂഹിക നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 'നിഷ്' എന്ന സർക്കാർ സ്ഥാപനമാണ്.

## കോവിഡ് പ്രതികരണ പ്രവർത്തനങ്ങളിൽ ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന



ശ്രവണ സഹായിക്ക് വേണ്ട ബാറ്ററി എത്തിച്ചു കൊടുക്കുന്ന ആപദ മിത്ര പ്രവർത്തകൻ

മറ്റേതൊരു ദുരന്തത്തിൽ എന്നപോലെ കോവിഡ് സമയത്തും ഭിന്നശേഷിക്കാരെ വളരെ പ്രതികൂലമായി ബാധിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച് ആൻഡ് ഹിയറിങ് എന്ന സ്ഥാപനവുമായി ചേർന്ന് ഭിന്നശേഷിക്കാർക്കായി 24 മണിക്കൂർ പ്രവർത്തിക്കുന്ന ഓൺലൈൻ ഹെല്പ് ലൈൻ സംവിധാനം ആരംഭിച്ചു. ഇതിൽ ഏകദേശം 400 കോളുകൾ വന്നിരുന്നു. ഈ സംവിധാനത്തിൽ

ആംഗ്യ ഭാഷാ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കി. ലോക്ക് ഡൌൺ സമയത്ത്, ശ്രവണ സഹായി ഉപയോഗിക്കുന്നവർക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിലും നിഷിൻറെ സഹകരണത്തിലും ശ്രവണ സഹായി ഉപയോഗിക്കുന്നവരുടെ ബാറ്ററി മാറ്റുന്നതിനും പുനസ്ഥാപിക്കുന്നതിനും ശ്രവണ സഹായിക്ക് വരുന്ന തകരാറുകൾ ശെരിയാക്കുന്നതിനുമുള്ള സൗകര്യം ഒരുക്കി. കൂടാതെ ഈ ബാറ്ററികൾ അവരുടെ വീട്ട് മുറ്റത്തു എത്തിച്ചു നൽകുവാൻ ആപദാ മിത്ര സന്നദ്ധ പ്രവർത്തകരുടെ സേവനവും, അഗ്നി സുരക്ഷാ വകുപ്പിൻറെ സഹകരണവും ലഭ്യമാക്കി. ലോക്ക് ഡൗൺ സമയത്ത് ഭക്ഷണത്തിനു ബുദ്ധിമുട്ടുന്ന ഭിന്നശേഷിക്കാർക്ക് സാമൂഹിക അടുക്കളയിൽ നിന്ന് ഭക്ഷണം എത്തിച്ചു കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

## ദേശീയ തലത്തിൽ അംഗീകാരം

ബഹു. മെമ്പർ സെക്രട്ടറി, ദേശീയ ദുരന്ത നിവാരണ അതോറിറ്റി, ശ്രീ കമൽ കിഷോർ കേരളത്തിൻറെ ഈ പദ്ധതിയെ കുറിച്ച് പ്രത്യേകം അഭിനന്ദിക്കുകയും, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ രീതിയിലുള്ള പദ്ധതി നടപ്പാക്കണം എന്നും ഉള്ള നിർദ്ദേശം എല്ലാ ചീഫ് സെക്രട്ടറിമാരെയും കത്ത് (കത്ത് നം. 05/239/2021/NDMA; തീയ്യതി 19.08.2021) മുഖേന അറിയിക്കുകയും ചെയ്തു. ദേശീയ തലത്തിൽ ഈ രീതിയിലുള്ള ഇടപെടൽ നടത്തിയിട്ടുള്ളത് കേരളം മാത്രം ആണെന്നും അദ്ദേഹം പറയുകയുണ്ടായി.

## Case Study - പരിശീലനങ്ങൾ ഫലം കാണുമ്പോൾ

ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണം - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേരളം ഒട്ടാകെ സംഘടിപ്പിച്ച പരിശീലനത്തിൽ തിരുവനന്തപുരം ജില്ലയിൽ പങ്കെടുത്ത കാഴ്ചാപരിമിതിയുള്ള മഹേഷ് കുമാർ 2019 പ്രളയത്തിൽ ഉണ്ടായ തന്റെ അനുഭവം പങ്കുവെക്കുന്നു*



"ഈ രീതിയിലുള്ള പരിശീലനം ആദ്യമായാണ് എനിക്ക് ലഭിക്കുന്നത്. ഇത് എനിക്ക് വളരെ ഗുണം ചെയ്തു. ദുരന്തങ്ങളെ എങ്ങനെ നേരിടണം, പ്രഥമ ശുശ്രൂഷ എന്ന് തുടങ്ങി പല വിഷയങ്ങളിലും പരിശീലനം ലഭിച്ചു. ഒരു എമർജൻസി കിറ്റ് തയ്യാറാക്കി വെക്കേണ്ടതിന്റെ പ്രസക്തിയും പരിശീലനത്തിൽ പഠിപ്പിച്ചു. അതിൽ ഏതെല്ലാം സാധനങ്ങൾ സൂക്ഷിച്ചു വെക്കണം എന്നും മനസ്സിലാക്കി."

"2019 ലുണ്ടായ പ്രളയ സമയത്തു ഞാൻ വയനാട് പൂക്കോട് ആയിരുന്നു. ഈ പരിശീലനത്തിൽ സംബന്ധിച്ചത് മുഖാന്തരം ഈ സന്ദർഭങ്ങളിൽ എന്ത് ചെയ്യണം എന്നെനിക്ക് നന്നായി അറിയാമായിരുന്നു. അതുകൊണ്ടു അടിയന്തിരമായി വിളിക്കേണ്ട നമ്പറിൽ വിളിച്ചു ഭിന്നശേഷിക്കാരനെന്ന നിലയിൽ എനിക്കിനിന്ന ആവശ്യങ്ങൾ വന്നേക്കാം എന്ന് അധികാരികളെ അറിയിച്ചു. അത് മൂലം ഞാൻ ആയിരിക്കുന്ന സ്ഥലം സുരക്ഷിതമാണോ അല്ലയോ എന്ന വിവരം അറിയുവാൻ ഇടയായി.

തീർച്ചയായും ഈ പരിശീലനത്തിൽ വന്നത് മുഖാന്തരം എനിക്കും, അതുപോലെ പരിശീലനത്തിൽ പങ്കെടുത്ത മറ്റുള്ളവർക്കും വളരെ പ്രയോജനപ്പെട്ടു."

മഹേഷ് കുമാർ, അസിസ്റ്റൻറ്, കണ്ണൂർ യൂണിവേഴ്സിറ്റി

---------------------------